# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2333 – 12/06/2018 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ കുടിശ്ശികയുള്ളവർക്കായി സഹായനിധി

ചോദ്യം | ഉത്തരം

ശ്രീ. അനൂപ് ജേക്കബ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ കുടിശ്ശികയുള്ളവർക്കായി സർക്കാർ പ്രഖ്യാപിച്ച സഹായനിധിയിലേയ്ക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനുള്ള യോഗ്യമായ അപേക്ഷകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അധിക അനുമതി വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആവശ്യമായ തുക അനുവദിക്കുന്നതാണ്. |
| ബി | മേൽപ്പറഞ്ഞ പ്രകാരം എത്രപേർ അപേക്ഷ നല്കിയെന്നും എത്രപേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായതുമായ 6190 അപേക്ഷകരുടെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. |
| സി | ഇപ്രകാരം സഹായധനം നല്കിയത് കുടിശ്ശിക വരുത്തിയവരുടെ ക്രെഡിറ്റ് സ്കോറിനെ ബാധിക്കുമോ എന്ന് അറിയിക്കാമോ? | എസ്.എൽ.ബി.സി. നൽകിയ വിവരങ്ങളനുസരിച്ച്, സ്റ്റാൻഡാർഡ് അക്കൗണ്ടുകളിൽ വാർഷിക തിരിച്ചടവിന്റെ ഒരു ഭാഗം സർക്കാർ സഹായമായി ലഭിച്ചവരുടെ credit score -ൽ ഇതു പ്രതിഫലിക്കില്ല. കൂടാതെ NPA അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനും ശേഷം ബാക്കിവരുന്ന തുക ഇളവില്ലാതെ മുഴുവനായി തിരിച്ചടക്കുന്നവരുടെ credit score -ലും വ്യത്യാസം വരികയില്ല. എന്നാൽ NPA |

| | | |
|---|---|---|
| | | അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനു ശേഷം ബാക്കിവരുന്ന തുകയ്ക്ക് ബാങ്ക് ഒറ്റ തവണ തീർപ്പാക്കൽ വഴി മൊത്തമായോ ഭാഗികമായോ ഇളവ് അനുവദിക്കുകയാണെങ്കിൽ അതേപ്പറ്റിയുള്ള പരാമർശം credit score-ൽ പ്രതിഫലിക്കും എന്നാണ് എസ്.എൽ.ബി.സി. അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ